No.A5/824/16-17/UC

യൂണിവേഴ്സിറ്റികോളേജ്
തിരുവനന്തപുരം
തീയതി:- 13/05/2016

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 2016-17 വർഷത്തിൽ **ജനറൽ ലൈബ്രറിയിലേക്ക്** ഇതോടൊപ്പമുള്ള പട്ടിക പ്രകാരം **ന്യൂസ് പേപ്പറുകളും, മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും** നൽകുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**2016 ജൂൺ മാസം 1 മുതൽ 2017 മാർച്ച് മാസം 31** വരെയാണ് വിതരണം ചെയ്യേണ്ടത്. ഇപ്പോൾ പ്രസിദ്ധീകരണങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലയും അതിൽ നിന്നും എത്ര കിഴിവ് നൽകുമെന്നും, ഇപ്രകാരം നൽകുന്ന കിഴിവ് കഴിച്ചുള്ള തുകയും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം രേഖപ്പെടുത്തുന്ന വിലയിൽ നിന്നും പ്രസിദ്ധീകരണശാല വില വർദ്ധിപ്പിക്കാത്തിടത്തോളം വിതരണ കാലയളവിലെ വില സ്ഥിരമായിരിക്കും. എന്നാൽ, പ്രസിദ്ധീകരണശാല വില വർദ്ധിപ്പിക്കുകയാണെങ്കിൽ ആനുപാതികമായ വർദ്ധന അനുവദിയ്ക്കുന്നതാണ്.

പട്ടികയിൽ പറയുന്ന പ്രസിദ്ധീകരണങ്ങൾ വിതരണ ഉത്തരവ് ലഭിക്കുന്നതിനനുസരിച്ച് മൊത്തമായോ, ഭാഗികമായോ വിതരണം ചെയ്യുന്നതിന് സന്നദ്ധമായിരിക്കണം. ഉത്തരവ് ലഭിച്ച ശേഷം പ്രസിദ്ധീകരണങ്ങൾ നൽകാതിരുന്നാൽ, തൊട്ടടുത്ത തുകരേഖപ്പെടുത്തിയ ആൾക്ക് വിതരണ ഉത്തരവ് നൽകുന്നതിനും, ഇത്തരത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ക്വട്ടേഷനുകൾ **പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം** എന്ന വിലാസത്തിൽ **23/05/2016 തിങ്കളാഴ്ച ഉച്ചയ്ക്ക് 2.00 മണിക്കകം** ലഭിക്കത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ **"ജനറൽ ലൈബ്രറിയിലേക്ക് ന്യൂസ് പേപ്പറുകളും, മറ്റ് ആനുകാലികങ്ങളും വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്നു രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം **3.00 മണിക്ക്** അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

ഇപ്രകാരം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ സ്വീകരിയ്ക്കുന്നതിനും, കാരണം കാണിക്കാതെ തന്നെ തള്ളിക്കളയുന്നതിനുമുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

UNIVERSITY COLLEGE THIRUVANANTH...

പ്രിൻസിപ്പാൾ
PRINCIPAL
UNIVERSITY COLLEGE
THIRUVANANTHAPURAM 69503

പകർപ്പ്:-

1) നോട്ടീസ്ബോർഡ്.
2) കോളേജ്വെബ്സൈറ്റ്
3) ലൈബ്രേറിയൻ, ജനറൽലൈബ്രറി
4) കരുതൽ ഫയൽ